വിപണിയിൽ ഇരുപത് ലക്ഷം രൂപ വില വരുന്ന എം.ഡി.എം.എ യുമായി രണ്ട് യുവാക്കൾ എറണാകുളം റൂറൽ ജില്ലാ പോലീസിന്റെ പിടിയിൽ. സംഭവവുമായി ബന്ധപെട്ട് കൂനമ്മാവ് പള്ളി പറമ്പിൽ നജീബ് (29) നിലമ്പൂർ വിളവിനമണ്ണിൽ നിഥിൻ (28) എന്നിവരെ ജില്ലാ പോലീസ് മേധാവി വിവേക് കുമാറിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വഷണ സംഘം അറസ്റ്റ് ചെയ്തു. ഇവരിൽ നിന്ന് ഇരുന്നൂറ് ഗ്രാം എം.ഡി.എം.എ പിടികൂടി.